കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – മുനിസിപ്പൽ കോമൺ സർവ്വീസ് – കൊച്ചി നഗരസഭ – ഹോമിയോ ഡിസ്പെൻസറി ഡോക്ടർമാർക്ക് ഹോണറേറിയം അനുവദിച്ച നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം.41/2014/തസ്വഭവ. തീയതി, തിരുവനന്തപുരം, 03/01/2014

പരാമർശം : 1. 10/9/2012 ലെ സ.ഉ(സാധാ)നം.2557/12/തസ്വഭവ

2. നഗരകാര്യ ഡയറക്ടറുടെ 23/7/2013, 6/12/2013 എന്നി തീയതികളിലെ ഇ 5.13857/10 നമ്പർ കത്തുകൾ

ഉത്തരവ്

കൊച്ചി നഗരസഭയിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന ഹോമിയോ ഡിസ്പെൻസറികളിലെ ഹോമിയോ ഡോക്ടർ, കമ്പൗണ്ടർ, അറ്റൻഡർ എന്നിവരുടെ ഹോണറേറിയം 01/04/2010 മുതൽ യഥാക്രമം 10,000/-, 5,500/-, 4750/- രൂപ ആയി വർദ്ധിപ്പിച്ച് നൽകുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു. കൊച്ചി നഗരസഭയിൽ കരാർ അടിസ്ഥാനത്തിൽ ജോലി നോക്കുന്ന 31 ഹോമിയോ ഡോക്ടർമാരുമായുള്ള കരാർ 31/3/2010 ൽ അവസാനിച്ച ശേഷം വീണ്ടും കാലാവധി പുതുക്കുന്നതിനുള്ള കരാറിൽ നഗരസഭയ്ക്കുവേണ്ടി സെക്രട്ടറി ഒപ്പുവെച്ചത് 13/9/2010 ലായതിനാൽ 01/04/2010 മുതൽ 13/9/2010 വരെ നഗരസഭയുമായി യഥാക്രമത്തിലുള്ള കരാറില്ലാതെ 31 ഹോമിയോ ഡോക്ടർമാരും സേവനമനുഷ്ഠിച്ചതിനാൽ ടി കാലയളവിൽ ഹോണറേറിയം കൈപ്പറ്റിയ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (2) പ്രകാരം നഗരകാര്യ ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊച്ചി നഗരസഭയിൽ കരാർ അടിസ്ഥാനത്തിൽ ജോലി നോക്കുന്ന ഹോമിയോ ഡോക്ടർമാർ കരാറില്ലാതെ 01/04/2010 മുതൽ 13/9/2010 വരെ ഹോണറേറിയം കൈപ്പറ്റിയ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

വേണുഗോപാലൻ നായർ.എസ്
ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

സെക്രട്ടറി, കൊച്ചി നഗരസഭ

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

0/*03/01/2014